ഷാജു, അനൂപ് എന്നിവർക്കുള്ള ധനസഹായം

54 (1793) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ശ്രീ. P.U. ഷാജു പുറക്കുളം (H), പോട്ട എന്ന രോഗിയുടെ വൃക്ക മാറ്റിവയ്ക്കൽ ചികിത്സയ്ക്കായും , അനൂപ് S/o ഗ്രേസി ജോസ്, പെല്ലിശ്ശേരി (H), വാഴക്കുന്ന് എന്ന രോഗിയുടെ ചികിത്സക്കായും കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ധനസഹായം വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ധനസഹായം അടിയന്തരമായി വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രീ. പി. യു. ഷാജു വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന അപേക്ഷ, കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ 15-ാമത് സംസ്ഥാനതല കമ്മിറ്റി പരിശോധിക്കുകയും, കമ്മിറ്റി തീരുമാനം നമ്പർ 22 പ്രകാരം, ഡയാലിസിസിനായി നേരത്തെ അനുവദിച്ചിരുന്ന തുകയിൽ 5200 രൂപ കിഴിച്ച്, ബാക്കി തുകയായ 1,94,350 രൂപ, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നതിന്റെ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 8-1-2016-ൽ 1,94,350 രൂപ ടിയാന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

ശ്രീ. അനൂപ് S/o. ഗ്രേസി ജോസ്, ചെല്ലിശ്ശേരി ഹൗസ്, വാഴക്കുന്ന് എന്നയാളുടെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ, തൃശ്ശൂർ ജില്ലാ ഭാഗ്യക്കുറി ഓഫീസിലോ, കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിലോ ലഭിച്ചതായി കാണുന്നില്ല.

തിരുർ മണ്ഡലത്തിലെ രോഗികൾക്ക് കാരുണ്യ പദ്ധതി പ്രകാരമുള്ള സഹായധനം

55 (1795) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കാരുണ്യചികിത്സാ ധനസഹായ പദ്ധതിപ്രകാരം തിരുർ മണ്ഡലത്തിലുൾപ്പെട്ട രോഗികൾക്ക് എത്ര തുക സഹായധനമായി അനുവദിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് പേരുവിവരം സഹിതം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

ദിവ്യ.ആർ, ദീപു.ആർ എന്നിവർ നൽകിയ പരാതി

56 (1796) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദിവ്യ. ആർ, ദീപു. ആർ എന്നിവർ പെറ്റീഷൻ നമ്പർ 6055/CM/VIP/14 തീയതി 16-7-2014, കുമാരി അശ്വതി ജോൺ പെറ്റീഷൻ നമ്പർ 6831/CM/VIP/2015 തീയതി 31-8-2015 എന്നിവ പ്രകാരം ബഹു. മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷ കളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെറ്റീഷനുകൾ സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയോ; സോഷ്യൽ സെക്യൂരിറ്റി മിഷൻ എന്തെല്ലാം നടപടികൾ സ്വീകരിച്ച എന്നറിയിക്കാമോ; ഇക്കാര്യം പരാതിക്കാരെയും എം.എൽ.എ.യെയും അറിയിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പെറ്റീഷനുകൾക്ക്തൃപ്തികരമായ മറുപടി നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകൾ സ്വീകരിച്ച് ഇവർക്ക് സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ; ഇവരുടെ തുടർ വിദ്യാഭ്യാസത്തിന് ബഹു. മുഖ്യമന്ത്രി നൽകിയിരിക്കുന്ന ഉറപ്പ് പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ദിവ്യ. ആർ, ദീപു. ആർ എന്നിവർ പെറ്റീഷൻ നമ്പർ 6055/സി.എം./വി.ഐ.പി./14 തീയതി 16-7-2014, കുമാരി അശ്വതി ജയിൻ സമർപ്പിച്ച പെറ്റീഷൻ നമ്പർ 6831/സി.എം./വി.ഐ.പി./15 തീയതി 31-8-2015 എന്നിവ അനന്തര നടപടികൾക്കായി കേരള സാമൂഹ്യ സുരക്ഷ മിഷന് നല്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly